കുന്നംകുളം ഗവ. ബോയ്സ് എച്ച്. എസ്സിനു വേണ്ടി അകപ്പയർ ചെയ്ത സ്ഥലം

947 [1136] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-4-1957-ലെ ഗസറ്റ് വിജ്ഞാപനമനുസരിച്ച് കുന്നംകുളം വില്ലേജ് സർവ്വേ 1040/45, 1050/3-ൽപ്പെട്ട 42½ സെൻറ് സ്ഥലം സി.ഐ. സൈമണിൽനിന്ന് കുന്നംകുളം ഗവ. ബോയ്സ് ഹൈസ്കൂളിനുവേണ്ടി അകപ്പയർ ചെയ്തിരുന്നുവോ;

(ബി) ഈ ഭൂമിയിൽ സ്റ്റേഡിയം പണിയാനായി കുന്നംകുളം മുനിസിപ്പാലിറ്റിയും രക്ഷാകർത്തൃ സംഘടനയും 16,000 രൂപ ചെലവുചെയ്ത വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിദ്യാഭ്യാസ വകുപ്പിന് ഭൂമി ആവശ്യമില്ലെങ്കിൽ ടി ഭൂമി തന്നവർക്കുതന്നെ മടക്കിക്കൊടുക്കാമെന്ന് ലാൻറ് അക്വിസിഷൻ നടത്തുമ്പോൾ ഗവൺമെൻറ് സമ്മതിച്ചിരുന്നുവോ;

(ഡി) എങ്കിൽ എന്തു കാരണത്താലാണ് ഭൂമി മടക്കിക്കൊടുക്കുന്നത്;

(ഇ) വിദ്യാഭ്യാസ വകുപ്പിനാവശ്യമില്ലാത്ത ഭൂമിയാണെങ്കിൽ റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന വിലയ്ക്ക് ഈ ഭൂമി കുന്നംകുളം മുനിസിപ്പാലിറ്റിക്ക് നൽകാൻ നടപടികൾ എടുക്കുമോ?

ഉത്തരം

(എ) ചെയ്തിരുന്നു.

(ബി) ഈ ഭൂമിയിൽ സ്റ്റേഡിയം പണിയാനായി ഏകദേശം 17,124 രൂപ ചെലവായതായി അറിയാം.

ഭൂമി തിരിച്ചുനൽകണമെന്ന് ശ്രീ. സൈമൺ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഭൂമി മടക്കിക്കൊടുക്കുന്നില്ല. ഈ ഭൂമി വിദ്യാഭ്യാസ വകുപ്പിന് ആവശ്യമുള്ളതുകൊണ്ട് മടക്കിക്കൊടുക്കുന്നതല്ല

(ഇ) ചോദ്യം ഉദിക്കുന്നില്ല.

കല്ലാച്ചി ഗവൺമെൻറ് കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന് കെട്ടിടം

948 [1138] ശ്രീ. കെ.ടി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞകൊല്ലം തുടങ്ങിയ കല്ലാച്ചി ഗവൺമെൻറ് കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഫണ്ടിന്റെയും സ്ഥലത്തിന്റെയും ലഭ്യതയനുസരിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

മണിമലക്കുന്ന് ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി

949 [1140] ശ്രീ. ബെന്നി ബഹനാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിമലക്കുന്ന് ഗവൺമെന്റ് കോളേജിൽ ഈ അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ഈ വർഷം കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

950 [1141] ശ്രീ. സി.കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അനുവദിച്ചിട്ടുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏത്ര;

(ബി) കേരളത്തിലെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഹരിജൻ സംവരണതത്വം പാലിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) 1. ഗവൺമെന്റ് പോളിടെക്നിക്ക്—4
2. വനിതാ പോളിടെക്നിക്—1
3. ടെക്നിക്കൽ ഹൈസ്കൂൾ—22
4. പ്രീ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ—6
5. കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്—12
6. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്—4 (എക്സ്റ്റൻഷൻ കേന്ദ്രങ്ങൾ)
7. തയ്യൽ പരിശീലന കേന്ദ്രം—9
8. ശാസ്ത്ര സാങ്കേതിക മ്യൂസിയം—1
9. വാട്ടർ റിസോഴ്സ് മാനേജ്മെന്റ് കേന്ദ്രം—1
10. എൻജിനീയറിംഗ് കോളേജ്—1
11. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മാൻപവർ ഡവലപ്മെന്റ് ഇൻ ഇലക്ട്രോണിക്സ്—1

ആകെ 62 ഗവൺമെന്റ് സ്ഥാപനങ്ങൾ നൽകി.

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly